(ബി) എമിക്സ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം മാത്രമേ ക്ലിനിക്കൽ സ്റ്റഡീസ് നടത്താവൂ എന്നാണ് ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾസിലെ ഷെഡ്യൂൾ Y നിർദ്ദേശിക്കുന്നത്. ഇക്കാര്യത്തിൽ ഡ്രഗ്സ് കൺട്രോളർ ജനറൽ (ഇന്ത്യ), സ്റ്റാൻഡിംഗ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ഔഷധ നിർമ്മാണ കമ്പനി

96 (6801) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യവകുപ്പിന്റെ കീഴിൽ പുതിയ ഔഷധ നിർമ്മാണ കമ്പനി ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) പേറ്റന്റ് സംരക്ഷണമുള്ള വിലകൂടിയ പുതിയ ഔഷധങ്ങളുടെ വില നിയന്ത്രിക്കുന്നതിനായി നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയുടെ മാതൃകയിൽ സംസ്ഥാനത്തും ഔഷധവില നിർണ്ണയത്തിനായി പ്രത്യേക അതോറിറ്റി രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

ആലപ്പുഴ ജില്ലാ ഡ്രഗ്സ് വെയർഹൗസ്

97 (6802) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലാ ഡ്രഗ്സ് വെയർഹൗസ് ഇപ്പോൾ എവിടെയാണ് സ്ഥിതിചെയ്യുന്നത് ;

(ബി) ആലപ്പുഴ വണ്ടാനത്ത് പുതിയ വെയർഹൗസ് നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; വിശദമാക്കാമോ ;

(സി) ആലപ്പുഴ ജില്ലാ ഡ്രഗ്സ് വെയർഹൗസ് എന്നത്തേക്ക് വണ്ടാനത്തേക്കു മാറ്റിസ്ഥാപിക്കാൻ കഴിയും ; വ്യക്തമാക്കുമോ ;

(ഡി) ആലപ്പുഴ ജില്ലാ ഡ്രഗ്സ് വെയർഹൗസ് കെട്ടിടംപണി പൂർത്തിയാകുന്നതുവരെ വെയർഹൗസ് ആലപ്പുഴ ജില്ലയിൽ സൗകര്യപ്രദമായ സ്ഥലത്ത് വാടകയ്ക്ക് കെട്ടിടമെടുത്ത് പ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിലവിൽ കോർപ്പറേഷന് ആലപ്പുഴയിൽ രണ്ട് ഡ്രഗ്സ് വെയർഹൗസുകളാണ് ഉള്ളത്. ഒരെണ്ണം ആലപ്പുഴ ജനറൽ ആശുപത്രിയിലും മറ്റൊന്ന് കുന്നത്താനത്തുള്ള സി.ഡബ്ല്യു.സി. വെയർഹൗസുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വെയർഹൗസിന്റെ ചുറ്റുമതിൽ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. എന്നാൽ വെയർഹൗസ് നിർമ്മാണത്തിനായി ടെണ്ടർ ഏറ്റെടുത്തിരുന്ന കോൺട്രാക്ടർ യഥാസമയം പണി ആരംഭിക്കാത്തതിനാൽ പ്രസ്തുത ടെൻഡർ റദ്ദാക്കുകയാണുണ്ടായത്. ആയതിനാൽ പുതുതായി ഒരു ടെണ്ടർ ക്ഷണിച്ച് ഒരു സിംഗിൾ ഏജൻസിയെക്കൊണ്ട് പണി തുടങ്ങിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) ടെൻഡർ നടപടികൾ പൂർത്തിയാക്കിയാൽ ഒരു വർഷത്തിനകം പണി പൂർത്തിയാക്കി ആറ്റിങ്ങൽ ജില്ലാ വെയർഹൗസ് വണ്ടാനത്തേയ്ക്ക് മാറ്റാനാകും എന്ന് പ്രതീക്ഷിക്കുന്നു.

(ഡി) ആറ്റിങ്ങൽ ജനറൽ ആശുപത്രിയിലുള്ള കോർപ്പറേഷന്റെ വെയർഹൗസിൽ സ്ഥലം തികയാതെ വന്ന സാഹചര്യത്തിൽ സൗകര്യപ്രദമായ പുതിയ സ്ഥലം അന്വേഷിക്കുകയും, ഒരു സിംഗിൾ ടെൻഡർ ലഭ്യമാകാതെ വന്ന സമയത്ത് പരിപ്പാട്, ചെന്നിത്തല എന്നിവിടങ്ങളിലുള്ള രണ്ട് എസ്.ഡബ്ല്യു.സി. വെയർഹൗസുകളിൽ സ്ഥലം ഏറ്റെടുക്കുകയും ചെയ്തു. എന്നാൽ ഇവിടങ്ങളിൽ നിന്നുള്ള മരുന്നുവിതരണം ബുദ്ധിമുട്ടായതിനാൽ ഒരു സിംഗിൾ ടെൻഡർ നായ കുന്നന്താനത്ത് ഒരു കെട്ടിടം ഏറ്റെടുത്ത് റാക്കിംഗ്, ഓഫീസ് തുടങ്ങിയ നവീകരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. പ്രസ്തുത ടെൻഡർ വീണ്ടും മാറ്റണമെങ്കിൽ പുതിയ സ്ഥലത്ത് റാക്കിംഗ്, ഓഫീസ് തുടങ്ങിയവ വീണ്ടും ക്രമീകരിക്കേണ്ടി വരികയും അതിനായി ചെലവാകുന്ന തുക വീണ്ടും നഷ്ടമാകുകയും ചെയ്യും. തന്നെയുമല്ല നിലവിലുള്ള റാക്കുകളിൽ മരുന്നുകൾ സ്റ്റോക്ക് ചെയ്തിരിക്കുന്നതിനാൽ റാക്കുകൾ മാറ്റുന്നതിനും ബുദ്ധിമുട്ടുണ്ട്.

മരുന്നുകൾ കാലാവധിക്കുശേഷം നശിപ്പിക്കുന്നതിന് മാനദണ്ഡങ്ങൾ

98 (6803) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ വകുപ്പിന്റെകീഴിൽ വിതരണം ചെയ്യാനായി വാങ്ങുന്ന മരുന്നുകൾ കാലാവധിക്കുശേഷം നശിപ്പിക്കുന്നതിന് ഏതെല്ലാം മാനദണ്ഡങ്ങളാണ് പാലിക്കേണ്ടത് ;

(ബി) ആരോഗ്യവകുപ്പ് 2014 ജൂൺ മാസം ഇത്തരം മരുന്നുകൾ നശിപ്പിക്കാൻ ഇടയായ സാഹചര്യം ഏതാണെന്ന് വിശദമാക്കാമോ ;

(സി) ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ സൂക്ഷിച്ച മരുന്നുകൾ നശിപ്പിക്കുമ്പോൾ നിലവിലുള്ള മാനദണ്ഡങ്ങൾ പൂർണ്ണമായി പാലിച്ചിട്ടില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇപ്പോൾ ഏതെല്ലാം മരുന്നുകളാണ് നശിപ്പിച്ചത് ; വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly